**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2333** **30-07-2021 - ൽ മറുപടിയ്ക്ക്**

**കൊടക്കാട് കേന്ദ്രീകരിച്ച് ഫോക്‌ലോർ വില്ലേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ അവസാന ബഡ്ജറ്റിൽ തെയ്യം കലയുടെ കുലപതി മണക്കാടൻ ഗുരുക്കൾക്കും നർത്തകരത്നം കണ്ണൻ പെരുവണ്ണാനും ഉചിതമായ സ്മാരകം എന്ന നിലയിൽ കൊടക്കാട് കേന്ദ്രീകരിച്ച് ഒരു ഫോക്‌ലോർ വില്ലേജിനായി 5 കോടി രൂപയുടെ 20% തുക വകയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ഫോക്‌ലോർ അക്കാദമി മുഖാന്തരം ഈ പദ്ധതി അടിയന്തരമായി നടപ്പിലാക്കാൻ നടപടികൾ ഉണ്ടാകുമോ? | (എ) | കാസർഗോഡ് ജില്ലയിലെ കൊടക്കാട് വില്ലേജിൽ കണ്ണപ്പെരുവണ്ണാൻ സ്മാരക കലാഗ്രാമം സ്ഥാപിക്കുന്നതിനു വേണ്ടി 2016-17 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച 25 ലക്ഷം രൂപ 13/10/2017 -ലെ സ.ഉ.(സാധാ) നം. 597/2017/സാം.കാ.വ ഉത്തരവ് പ്രകാരം കേരള ഫോക് ലോർ അക്കാദമിയ്ക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. ശ്രീ. കണ്ണപെരുവണ്ണാൻ സ്മാരകം പണിയുന്നതിന് കാസർഗോഡ് ജില്ലയിലെ കൊടക്കാട് വില്ലേജിലെ 298/പാർട്ട് സർവ്വേ നമ്പറില്ലുള്ള പുറമ്പോക്ക് ഭൂമിയിൽ നിന്നും അക്കാദമിയ്ക്ക് സ്ഥലം അനുവദിക്കണമെന്ന് റവന്യൂ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. റവന്യൂ വകുപ്പിൽ നിന്നും സ്ഥലം അനുവദിച്ചു കിട്ടുന്ന മുറയ്ക്ക് കേരള ഫോക് ലോർ അക്കാദമി മുഖാന്തിരം പദ്ധതി നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ